**വൈദ്യുതി ബോർഡിൽ പേഴ്സണൽ ഇലോംഗേഷൻ ഓഫ് സ്കെയിൽ എന്ന പേരിൽ നൽകിയ ഇൻക്രിമെന്റ്**

136 (1690) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പേഴ്സണൽ ഇലോംഗേഷൻ ഓഫ് സ്കെയിൽ എന്ന പേരിൽ ശമ്പളസ്കെയിലിന്റെ പാരമ്യത്തിലെത്തിയ എത്ര പേർക്ക് വാർഷിക ഇൻക്രിമെന്റ് കൊടുത്തു കൊണ്ടിരുന്നു ;

(ബി) ഈയിനത്തിൽ പ്രതിവർഷം ചെലവ് എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) ശമ്പളസ്കെയിലിന്റെ പാരമ്യത്തിലെത്തിയ ജീവനക്കാർക്ക് പേഴ്സണൽ ഇലോംഗേഷൻ ഓഫ് സ്കെയിൽ എന്ന പേരിൽ വീണ്ടും വാർഷിക ഇൻക്രിമെന്റ് നൽകുന്ന നടപടി സംസ്ഥാന ഗവൺമെന്റ് സർവ്വീസിലുള്ളവർക്കോ ഇതര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉള്ളവർക്കോ ബാധകമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉദ്ദേശം 2500 പേർക്ക് പേഴ്സണൽ ഇലോംഗേഷൻ എന്ന പേരിൽ ഇൻക്രിമെന്റ് കൊടുത്തുവരുന്നു.

(ബി) ഈയിനത്തിൽ പ്രതിവർഷം ചെലവ് ഉദ്ദേശം 1.9 കോടി രൂപ.

(സി) പേഴ്സണൽ ഇലോംഗേഷൻ എന്ന പേരിൽ വാർഷിക ഇൻക്രിമെന്റ് സംസ്ഥാന ഗവൺമെന്റ് സർവ്വീസിലുള്ളവർക്ക് നൽകുന്നില്ല. എന്നാൽ ശമ്പള സ്കെയിലിന്റെ പാരമ്യത്തിലെത്തുകയും സാധാരണ ഇൻക്രിമെന്റ് വർദ്ധന ഇല്ലാതെ വരികയും ചെയ്യുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് രണ്ട് വാർഷിക ഇൻക്രിമെന്റുകളും ഒരു ദൈവാർഷിക ഇൻക്രിമെന്റും ആയി ആകെ 3 സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് നൽകാൻ വ്യവസ്ഥയുണ്ട്. ബോർഡിലെ ഓഫീസർമാർക്ക് ഇത് ബാധകമാക്കിക്കൊണ്ട് 22-5-2003-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവരം ലഭ്യമല്ല.

**വൈദ്യുതി ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ**

137 (1691) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ പ്രധാനപ്പെട്ട ഏതൊക്കെ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തസ്തികകളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ ശമ്പളവും അവർക്കുവേണ്ടി ബോർഡിന് അടയ്ക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ തുകയും എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന പ്രധാനപ്പെട്ട തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി നോക്കുന്നുണ്ട്.

1. ചെയർമാൻ
2. ബോർഡ് മെമ്പർ (ഫൈനാൻസ്)
3. ബോർഡ് സെക്രട്ടറി
4. ഐ.ജി. ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
5. സൂപ്രണ്ട് ഓഫ് പോലീസ്
6. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (2 പേർ)
7. ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
8. കൺസർവേഷൻ ഓഫ് ഫോറസ്റ്റ്
9. സ്പെഷ്യൽ ഓഫീസർ (ആഡിറ്റ്)
10. ആർ. ഡി. എ. ഓഫീസർ
11. ആർ. റ്റി. എ. സൂപ്രണ്ട് (കൊട്ടാരക്കര)
12. ആർ. ഡി. എ. സൂപ്രണ്ട് (കക്കയം)

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വൈദ്യുതി ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് നൽകിവരുന്ന അലവൻസുകൾ**

**138 (1692)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥരല്ലാതെ പുറത്തുനിന്നുള്ള എത്രപേർ കൂടി അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അംഗങ്ങൾക്ക് ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ അലവൻസുകളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഒരു മീറ്റിംഗ് തിരുവനന്തപുരത്തുവച്ച് കൂടുമ്പോൾ ആകെ എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly